എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ഈ ദിവസങ്ങളിൽ എന്റെയോ റവന്യൂ വകുപ്പുമന്ത്രിയുടെയോ ശ്രദ്ധയിൽപ്പെടുത്താം. അപ്പോൾ തന്നെ ആക്ഷൻ ഉണ്ടാകും. ഏതായാലും എല്ലാ ജില്ലകളിലും അലെർട്ട് കൊടുത്തിട്ടുണ്ട്. നാശനഷ്ടമുണ്ടായ സ്ഥലങ്ങളിൽ കൺട്രോൾ റും തുറക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവിടെയുള്ള പ്രവർത്തനങ്ങളിൽ എന്തെങ്കിലും കോ-ഓർഡിനേഷന്റെ കുറവോ പോരായ്മയോ ഉണ്ടെങ്കിൽ അറിയിച്ചാൽ മതി.

(7) പാലക്കാട് ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പാലക്കാട് ജില്ലയിൽ കഴിഞ്ഞ പത്തു ദിവസങ്ങളിലേറെയായി തുടർച്ചയായി അതിവർഷമാണ്. അതുകൊണ്ടുണ്ടായ നാശനഷ്ടങ്ങൾ അനവധിയാണ്. വെള്ളിയാഴ്ച ഉച്ചയോടുകൂടി പാലക്കാട് ടൗണിനടുത്തുള്ള വെണ്ണക്കര സ്കൂളിൽ പഠിക്കുന്ന രണ്ട് പിഞ്ചുകുട്ടികൾ വെള്ളത്തിനടിയിൽപ്പെട്ട് മരണമടയാനിടയായി. അതിലുണ്ടായ ഒരു കാര്യം അതീവ ഗൗരുതരവും ദുഃഖകരവുമായിട്ടുള്ളതാണ്. വെള്ളിയാഴ്ച ഉച്ചയോടുകൂടിയാണ് കുട്ടികൾ വെള്ളത്തിനടിയിൽപ്പെട്ട് മരണമടയാനിടയാകുന്നത്. ഡെഡ്ബോഡി പോസ്റ്റ്മോർട്ടം കൂടാതെ തന്നെ ബന്ധുക്കൾക്ക് വിട്ടുകൊടുക്കാമായിരുന്നു. അത് കൊടുത്തില്ലായെന്നു മാത്രമല്ല ശനിയാഴ്ച രാവിലെ കൊടുക്കാൻ കഴിയാവുന്ന പോലീസ് റിപ്പോർട്ട് കൊടുത്തിട്ടില്ല. ഉച്ച വരെ വൈകിച്ചു. ശ്രീ. എ. കെ. ബാലനും ഞാനും മറ്റു പലയാളുകളും ഇടപെട്ടിട്ടാണ് റിപ്പോർട്ടു കിട്ടിയത്. ഈ ദാരുണമരണത്തിൽ ഡെഡ്ബോഡി പോലും കിട്ടാൻ ഇടയാക്കിയില്ല എന്നത് അതീവ ദു:ഖകരമാണ്. കൂടാതെ ഇത്തരം മരണത്തിനിടയായ പിഞ്ചോമനകളുടെ രക്ഷിതാക്കൾക്ക് 25,000 രൂപ ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അതു കൊടുത്തിട്ടില്ല. ചുരുങ്ങിയ സംഖ്യ മാത്രമേ കൊടുത്തിട്ടുള്ളൂ. പാലക്കാട് ജില്ലയിൽ ശനിയാഴ്ച കൂടിയ ജില്ലാ വികസനസമിതിയിൽ പങ്കെടുത്ത് ഞങ്ങൾ ഇതു സംബന്ധിച്ച കാര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി. നഷ്ടം 50 കോടി രൂപയിലേറെയുണ്ട്. കനത്ത മഴമൂലം 65 വീടുകൾ തകർന്നിട്ടുണ്ട്. കൂടാതെ മഴയുടെ മാരകമായ പ്രവാഹം ഇപ്പോഴും തുടരുകയാണ്. നെല്ലിയാമ്പതിയിലെ നൂറടിപ്പാലം പ്രദേശം ഒറ്റപ്പെട്ടു കഴിഞ്ഞു. നൂറടിപ്പാലത്തിന് അടുത്തുള്ള 5 വീടുകൾ വെള്ളത്തിനടിയിലാണ്. അതിന്റെ അയൽപക്കത്തുള്ള ഏതാനും കടകൾക്കുമീതെ മരം വീണ് തകർന്നിട്ടുണ്ട്. നെല്ലിയാമ്പതിയിലേക്കുള്ള വഴി തടസ്സപ്പെട്ടു കഴിഞ്ഞു. മിക്ക സ്ഥലത്തും ടെലിഫോൺ ബന്ധവും വൈദ്യുതിയും ഇല്ലാതായിട്ടുണ്ട്. മുന്നാറിൽ ഉണ്ടായ ഉരുൾപൊട്ടലൊഴിച്ചാൽ ഉണ്ടായിട്ടുള്ള ദുരന്തങ്ങളിൽ വച്ച് വളരെ ഭീകരമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതറിയാം. ഏതാനും വർഷം മുമ്പ് പലകപ്പാണ്ടിയിലും ചിറ്റാരിക്കുണ്ടിലും ഉരുൾപൊട്ടലുണ്ടാകുകയും ഇരുപതോളം ആളുകൾ മരണമടയുകയും ചെയ്തിട്ടുണ്ട്. ആ സ്ഥിതിവിശേഷം ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുകയാണ്. കൃഷി വ്യാപകമായി നശിച്ചു. പ്രത്യേകിച്ച് ഇഞ്ചി, പച്ചക്കറി എന്നിവ ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത നിലയിലായി. ഈ നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തുകയും അതിനുവേണ്ട പരിഹാരം നൽകുകയും ചെയ്യണം. കൂടാതെ ഇന്നലെ അകത്തേത്തറയിൽ ഒരു കുഞ്ഞും പട്ടാമ്പിയിൽ രണ്ടു മുതിർന്ന ആളുകളും വെള്ളത്തിൽപ്പെട്ട് മരണമടഞ്ഞിട്ടുണ്ട്. ഈ വക കാര്യങ്ങൾ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ ഒറ്റയ്ക്കും കൂട്ടായും അങ്ങയേയും ബന്ധപ്പെട്ട മന്ത്രിമാരേയും അറിയിച്ചിട്ടുള്ളതാണ്. പാലക്കാട്ട് അതിവർഷംമൂലം ഉണ്ടായിട്ടുള്ള ഇന്നത്തെ സ്ഥിതി അതീവ ഗുരുതരമാണ്. ആ സ്ഥിതിയെക്കുറിച്ച് പ്രത്യേകം പഠിക്കുകയും കഴിയുന്നത്ര വേഗത്തിൽ അടിയന്തിര നടപടി എടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ഏറ്റവും ദുഃഖകരമായ സംഭവമാണ് രണ്ടു കുട്ടികൾ സ്കൂളിനടുത്തുള്ള ഒരു കുഴിയിൽ വീണ് മരിച്ചു എന്നുള്ളത്. പോസ്റ്റ്മോർട്ടം നടത്തുന്നതിൽ കാലതാമസം വന്നു എന്നത് ബഹുമാനപ്പെട്ട മെമ്പർ പറയുമ്പോഴാണ് അറിയുന്നത്. അക്കാര്യം ഇന്നു തന്നെ അന്വേഷിക്കും. ആരുടെയെങ്കിലും ഭാഗത്ത് അക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ .....

ശ്രീ. എ. കെ. ബാലൻ: വെള്ളിയാഴ്ച അയച്ചിട്ട് പിറ്റേന്ന് 12 മണിക്കാണ് കൊടുത്തത്. രാത്രി പോസ്റ്റ്മോർട്ടം നടത്താമായിരുന്നു. ഇത്രയും വൈകിക്കേണ്ട യാതൊരാവശ്യവുമില്ലായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതു ഞാൻ അന്വേഷിക്കും. ഇന്നു തന്നെ റിപ്പോർട്ട് വാങ്ങിക്കും. ആരെങ്കിലും ഉത്തരവാദിയാണെങ്കിൽ നടപടി എടുക്കും. ഇത് നാടിനെ മുഴുവൻ ഞെട്ടിപ്പിച്ച സംഭവമാണ്. അവിടെ നിന്ന് പലരും എന്നെ വിളിച്ചിരുന്നു. ആശുപത്രിയിൽ ചെന്നത് താമസിച്ചായതുകൊണ്ട് അന്ന് പോസ്റ്റ്മോർട്ടം നടത്താൻ പറ്റിയില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ മറ്റുള്ളവർക്ക് പരാതിയില്ലെങ്കിൽ പോസ്റ്റുമോർട്ടം നടത്താതെ തന്നെ കൊടുക്കാമായിരുന്നു. പോസ്റ്റ്മോർട്ടം നടത്തുക എന്നത് നിയമപരമായ ഒരു ബാധ്യതയാണ്. അങ്ങനെയാണെങ്കിൽപ്പോലും ഒരു കാലതാമസവുമുണ്ടാകാൻ പാടില്ല. അത് അന്വേഷിക്കും. ഇന്നു തന്നെ അതിന്റെ റിപ്പോർട്ട് വാങ്ങും. ആരുടെയെങ്കിലും ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെന്നു കണ്ടാൽ അവരുടെ പേരിൽ നടപടി എടുക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, നാശനഷ്ടങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. അതിന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള എല്ലാ വിധത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കും. കളക്ടറേറ്റിൽ കൺട്രോൾ റൂം തുറന്നിട്ടുണ്ട്. ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly